**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3134** **04-08-2021 - ൽ മറുപടിയ്ക്ക്**

**മിത്രം സ്മാർട്ട് കിയോസ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ പോകാതെ തന്നെ പരാതികൾ നൽകുന്നതിന് മിത്രം സ്മാർട്ട് കിയോസ്കുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ആരംഭിച്ചിട്ടുണ്ട്. മിത്രം സ്മാർട്ട് കിയോസ്കുകൾ വഴി പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ നേരിട്ട് പോകാതെ കിയോസ്കിലൂടെ പരാതി രജിസ്റ്റർ ചെയ്യാവുന്നതും ആവശ്യമെങ്കിൽ പോലീസ് ഉദ്യോഗസ്ഥരുമായി വീഡിയോ/ആഡിയോ കോൺഫറൻസിംഗിലൂടെ ആശയ വിനിമയം നടത്തി പരാതി നൽകാനും സാധിക്കുന്നതാണ്. |
| (ബി) | സ്മാർട്ട് കിയോസ്കുകളിലൂടെ എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്നത്; വ്യക്തമാക്കാമോ; | (ബി) | ആരംഭിച്ചിട്ടുണ്ട്. മിത്രം സ്മാർട്ട് കിയോസ്കുകൾ വഴി പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ നേരിട്ട് പോകാതെ കിയോസ്കിലൂടെ പരാതി രജിസ്റ്റർ ചെയ്യാവുന്നതും ആവശ്യമെങ്കിൽ പോലീസ് ഉദ്യോഗസ്ഥരുമായി വീഡിയോ/ആഡിയോ കോൺഫറൻസിംഗിലൂടെ ആശയ വിനിമയം നടത്തി പരാതി നൽകാനും സാധിക്കുന്നതാണ്. |
| (സി) | ഇവ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | നിലവിൽ സ്ഥാപിച്ചിട്ടുള്ള കിയോസ്കുകളുടെ പ്രവർത്തന പുരോഗതി പരിശോധിച്ച് വിലയിരുത്തിയതിനു ശേഷം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) | പോലീസ് സ്റ്റേഷനുകളുമായും ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുമായും പൊതുജനങ്ങൾക്ക് ബന്ധപ്പെടുന്നതിനായി കൂടുതൽ ഓൺലൈൻ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | സ്ത്രീകൾക്കും കുട്ടികൾക്കും സംസ്ഥാനത്ത് എവിടെ നിന്നും പരാതി സമർപ്പിക്കുന്നതിന് 'അപരാജിത ഓൺലൈൻ' പോർട്ടൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ